# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പീരുമേട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-IDK 8-125/22


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 10/03/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332


ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പീരുമേട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-IDK 8-125/22 തീയ്യതി: 10/03/2022

## ഇടുക്കി ജില്ലയിലെ പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-02-2020 മുതൽ 16-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, മുതൽ വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 17-01-2022 | 21-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-01-2022 | 21-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. റ്റി.എസ്.ധനജയൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. വി.ജി. സജിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. ജോസഫ് ചാക്കോ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. ബെന്നി മാത്യു, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. എബി എബ്രാഹം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഡെന്നിസ് ജോസഫ്,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി രജനി വിനോദ് | പ്രസിഡന്റ് | 01-04-2019 | 06-08-2019 |
| ശ്രീ അലക്സ് ഓടത്തിൽ | പ്രസിഡന്റ് | 07-08-2019 | 16-09-2019 |
| ശ്രീമതി പ്രവീണ എസ് | പ്രസിഡന്റ് | 17-09-2019 | 31-03-2020 |
| ശ്രീ കെ റ്റി ഷാജി | സെക്രട്ടറി | 01-04-2019 | 17-07-2019 |
| ശ്രീ ജയപാലൻ ആർ | സെക്രട്ടറി | 18-07-2019 | 03-08-2019 |
| ശ്രീ പി എച്ച് ഷാജിഹാൻ | സെക്രട്ടറി | 04-08-2019 | 23-12-2019 |
| ശ്രീ ആർ അനിൽകുമാർ | സെക്രട്ടറി | 24-12-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഷൈലജ എം ഐ | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീ അബ്രഹാം സ്കറിയ | കൃഷി ഓഫീസർ | 01-04-2019 | 15-09-2019 |
| ശ്രീമതി അനാമിക എം | കൃഷി ഓഫീസർ | 16-09-2019 | 28-09-2019 |
| ശ്രീ സജിമോൻ ജോസഫ് | കൃഷി ഓഫീസർ | 29-09-2019 | 21-11-2019 |
| ശ്രീ മണികണ്ഠൻ എസ് | കൃഷി ഓഫീസർ | 22-11-2019 | 31-03-2020 |
| ശ്രീ സുനിൽകുമാർ പി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ ജയസൂര്യൻ എം | വി.ഇ.ഒ | 01-04-2019 | 08-12-2019 |
| ശ്രീ സേതു ശിവദാസ് | വി.ഇ.ഒ | 09-12-2019 | 31-03-2020 |
| ശ്രീ കെ പി അജു | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 03-01-2020 |
| ശ്രീമതി കെ എസ് റസീന | അസിസ്റ്റൻറ് സെക്രട്ടറി | 04-01-2020 | 31-03-2020 |
| ഡോ ഹരിമോഹൻ സി. എം | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ഡോ അഫ്സൽ എ. എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ ഡോൺബോസ്കോ സി എ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ. അരുണാചലം ആർ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Joseph Chacko (Asst. Audit Officer, On 18-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Benny Mathew (Auditor, On 17-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 09-02-2022) | 1-2 |
| 3 | ഫണ്ട് വിനിയോഗം<br>Written By: Benny Mathew (Auditor, On 18-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Joseph Chacko (Asst. Audit Officer, On 18-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 1-4 |
| 5 | തൊഴിലുറപ്പ് പദ്ധതി<br>Written By: T.S.Dhanajayan (Audit Officer, On 23-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 1-5 |
| 6 | ക്ഷേമ പെൻഷനുകൾ<br>Written By: Joseph Chacko (Asst. Audit Officer, On 18-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 1-6 |
| 7 | ക്ഷേമ പെൻഷനുകളിലെ തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടാത്തത്<br>Written By: Joseph Chacko (Asst. Audit Officer, On 24-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 1-6-1 |
| 8 | ക്യാഷ് പരിശോധന<br>Written By: T.S.Dhanajayan (Audit Officer, On 23-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 1-7 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: T.S.Dhanajayan (Audit Officer, On 23-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 05-03-2022) | 1-8 |
| 10 | ബി-4 ഷെഡ്യൂളിലെ അപാകതകൾ<br>Written By: Benny Mathew (Auditor, On 23-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 1-9 |
| 11 | Balance Sheet–ലെ B(5), B(16) ഷെഡ്യൂളുകളിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Benny Mathew (Auditor, On 07-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 1-9-1 |
| 12 | വരുമാനം ബാദ്ധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്നു<br>Written By: Benny Mathew (Auditor, On 07-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 1-9-2 |
| 13 | ബി-9 ഷെഡ്യൂൾ അപാകതകൾ<br>Written By: Benny Mathew (Auditor, On 07-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 1-9-3 |
| 14 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല<br>Written By: Benny Mathew (Auditor, On 07-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 09-02-2022) | 1-9-4 |
| 15 | മറ്റ് അപാകതകൾ<br>Written By: Benny Mathew (Auditor, On 07-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 1-9-5 |
| 16 | അടിസ്ഥാന വസ്തു നികുതി നിരക്കിൽ കുറവ്<br>Written By: DENNIS JOSEPH (Auditor, On 20-01-2022)<br>Last Updated By: Eby Abraham (Senior Grade Auditor, On 07-03-2022) | 1-10 |
| 17 | മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നില്ല<br>Written By: DENNIS JOSEPH (Auditor, On 20-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 09-02-2022) | 1-11 |
| 18 | ഇ-ടെൻഡർ ഫോം വില, നിരത ദ്രവ്യം എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല<br>Written By: V G Sajimon (Audit Officer, On 23-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 11-02-2022) | 1-12 |
| 19 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്<br>Written By: DENNIS JOSEPH (Auditor, On 20-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 1-13 |
| 20 | സർക്കാർ നിർദ്ദേശം ലംഘിച്ച് സ്വകാര്യ സ്ഥാപനത്തിൽ നിന്ന് പുസ്തകങ്ങൾ വാങ്ങിയത് സംബന്ധിച്ച്<br>Written By: Eby Abraham (Senior Grade Auditor, On 19-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 1-14 |
| 21 | വാടക കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു<br>Written By: DENNIS JOSEPH (Auditor, On 20-01-2022)<br>Last Updated By: Eby Abraham (Senior Grade Auditor, On 09-03-2022) | 1-15 |

| | | |
|---|---|---|
| 22 | റാണിക്കോവിൽ എസ്.സി. നഴ്സറി സ്കൂൾ കുട്ടികൾക്ക് ഭക്ഷണം പഠനോപകരണങ്ങൾ, യൂണിഫോം - അപാകതകൾ - രേഖകൾ ഹാജരാക്കിയില്ല<br>Written By: T.S.Dhanajayan (Audit Officer, On 23-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 1-16 |
| 23 | കരാർ പ്രകാരമുള്ള തുകയിൽ നിജപ്പെടുത്താതെ തുക അനുവദിച്ചു<br>Written By: V G Sajimon (Audit Officer, On 23-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 1-17 |
| 24 | റീടാറിംഗ് പ്രവൃത്തി ബില്ലിൽനിന്ന് കാലിവീപ്പ വില ഈടാക്കിയില്ല<br>Written By: V G Sajimon (Audit Officer, On 23-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 1-18 |
| 25 | ടാറിംഗ്/റീടാറിംഗ് പ്രവൃത്തികൾക്ക് ബിറ്റുമിൻ വാങ്ങുന്നതിന് മുൻകൂറായി ചെലവഴിച്ച തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല<br>Written By: V G Sajimon (Audit Officer, On 23-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 11-02-2022) | 1-19 |
| 26 | എസ്റ്റിമേറ്റിലെ പ്രധാന ഇനങ്ങൾ പൂർണമായി ഒഴിവാക്കി പരിഷ്കരിച്ചുവെങ്കിലും റീ-ടെണ്ടർ ചെയ്തില്ല<br>Written By: V G Sajimon (Audit Officer, On 23-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 1-20 |
| 27 | ആർജ്ജിച്ച ആസ്തികൾ നിഷ്ക്രിയം<br>Written By: V G Sajimon (Audit Officer, On 23-01-2022)<br>Last Updated By: Eby Abraham (Senior Grade Auditor, On 07-03-2022) | 1-21 |
| 28 | ലൈഫ് ഭവന പദ്ധതി - നിർമ്മാണം പൂർത്തിയാക്കാത്തത് സംബന്ധിച്ച്<br>Written By: Eby Abraham (Senior Grade Auditor, On 23-01-2022)<br>Last Updated By: Eby Abraham (Senior Grade Auditor, On 07-03-2022) | 1-22 |
| 29 | തൊഴിലുറപ്പ് പദ്ധതി സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ- അപാകതകൾ<br>Written By: T.S.Dhanajayan (Audit Officer, On 23-01-2022)<br>Last Updated By: Eby Abraham (Senior Grade Auditor, On 07-03-2022) | 1-23 |
| 30 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Benny Mathew (Auditor, On 23-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 1-24 |
| 31 | അസി.എൻജിനിയറുടെ ബാങ്ക് അക്കൗണ്ടിൽ ലക്ഷങ്ങളുടെ നീക്കിയിരിപ്പ്<br>Written By: V G Sajimon (Audit Officer, On 23-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 1-25 |
| 32 | ഡെപ്പോസിറ്റ് തുകകൾ ക്രമീകരിക്കാത്തത്<br>Written By: Joseph Chacko (Asst. Audit Officer, On 24-01-2022)<br>Last Updated By: Eby Abraham (Senior Grade Auditor, On 07-03-2022) | 1-26 |
| | ഭാഗം **2** | |
| 1 | തൊഴിൽ നികുതി ഈടാക്കുന്നതിൽ കുറവ്<br>Written By: DENNIS JOSEPH (Auditor, On 25-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 2-1 |
| 2 | വാടക കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു<br>Written By: DENNIS JOSEPH (Auditor, On 25-01-2022)<br>Last Updated By: Eby Abraham (Senior Grade Auditor, On 09-03-2022) | 2-2 |
| | ഭാഗം **3** | |
| 1 | റീടാറിംഗ് പ്രവൃത്തി ബില്ലിൽനിന്ന് കാലിവീപ്പ വില ഈടാക്കിയില്ല<br>Written By: V G Sajimon (Audit Officer, On 23-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 3-1 |
| 2 | കരാർ പ്രകാരമുള്ള തുകയിൽ നിജപ്പെടുത്താതെ തുക അനുവദിച്ചു<br>Written By: T.S.Dhanajayan (Audit Officer, On 09-03-2022)<br>Last Updated By: T.S.Dhanajayan (Audit Officer, On 09-03-2022) | 3-2 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Benny Mathew (Auditor, On 17-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾ<br>Written By: Eby Abraham (Senior Grade Auditor, On 19-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം<br>Written By: V G Sajimon (Audit Officer, On 18-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: V G Sajimon (Audit Officer, On 18-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 11-02-2022) | 4-4 |

| | | |
|---|---|---|
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Joseph Chacko (Asst. Audit Officer, On 18-01-2022)<br>Last Updated By: Eby Abraham (Senior Grade Auditor, On 07-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Benny Mathew (Auditor, On 17-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Benny Mathew (Auditor, On 18-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Benny Mathew (Auditor, On 17-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ ലഭ്യമായ വിവരം<br>Written By: Benny Mathew (Auditor, On 17-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Benny Mathew (Auditor, On 17-01-2022)<br>Last Updated By: C R Beenakumary (Deputy Director, On 10-03-2022) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Benny Mathew (Auditor, On 17-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 24-01-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റിന്റെ സംഗ്രഹം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബജറ്റ് അംഗീകരിച്ച ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നം./തീയതി | 18.02.2019 |
| ബജറ്റ് അംഗീകരിച്ച ഭരണസമിതി തീരുമാനം/തീയതി | 1/19.02.2019 |
| പുതുക്കിയ ബജറ്റ് അംഗീകരിച്ച തീരുമാനം/തീയതി | 2/17.03.2020 |
| പുതുക്കിയ ബജറ്റ് പ്രകാരം പ്രതീക്ഷിത മുന്നിരിപ്പ് | 24685407 |
| പുതക്കിയ ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് | 422182712 |
| പ്രതീക്ഷിത ചെലവ് | 400880564 |
| നീക്കിയിരിപ്പ് | 45987555 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 19.06.2020 | -- | -- |

### 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് / ലാപ്സായ തുക ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 0 | 22411000 | 22411000 | 20116285 | 2294715 |
| | എസ്.സി.പി | 0 | 21112000 | 21112000 | 10404453 | 10707547 |
| | റ്റി.എസ്.പി | 0 | 360000 | 360000 | 182395 | 177605 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 17131223 | 17131223 | 6269917 | 10861306 |
| സംരക്ഷണ ഗ്രാന്റ് | റോഡിതരം | 0 | 6254000 | 6254000 | 3240334 | 3013666 |
| | റോഡ് | 0 | 17117000 | 17117000 | 4690746 | 12426254 |
| കേന്ദ്രാവിഷ്കൃത പദ്ധതി | ഐ.സി.ഡി.എസ് | 2582963 | 1171606 | 3754569 | 1907576 | 1846993 |
| | ശുചിത്വമിഷൻ | 1300000 | 0 | 1300000 | 1293691 | 6309 |
| | ടോട്ടൽ സാനിട്ടേഷൻ | 753304 | 0 | 753304 | 506347 | 246957 |
| | SSA | 102038 | 2797 | 104835 | 102038 | 2797 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | ഫെസ്റ്റിവൽ ഗ്രാന്റ് | 0 | 500000 | 500000 | 463097 | 36903 |
| | വിമുക്തി | 2230 | 0 | 2230 | 0 | 2230 |

| | | | | | | |
|---|---|---|---|---|---|---|
| | സ്പെഷ്യൽ ഫണ്ട് | 199740 | 0 | 199740 | 199740 | 0 |
| | SC/ST ഫണ്ട് | 39152 | 0 | 39152 | 1907 | 37245 |
| | കേരളോത്സവം | 0 | 20000 | 20000 | 20000 | 0 |
| | ലൈഫ് | 230100 | 28245000 | 28475100 | 645000 | 27830100 |
| | ഗ്രാന്റ് (320200399) | 10718 | 0 | 10718 | 38 | 10680 |
| പഞ്ചായത്ത് | പ്രളയ ദുരിതാശ്വാസം -സംഭാവന | 11350 | 0 | 11350 | 11350 | 0 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

വികസന ഫണ്ട് – പൊതുവിഭാഗത്തിൽ മൂന്ന് ഗഡുക്കളും എസ്.സി.പി., റ്റി.എസ്.പി. വിഭാഗങ്ങളിൽ അവസാന രണ്ട് ഗഡുക്കളും അനുവദിച്ച വേളയിൽ അംഗൻവാടി പ്രതിഫലം, ജല അതോരിറ്റി കുടിശ്ശിക തുക, ലൈഫ് ലോൺ തിരിച്ചടവ് വിഹിതം എന്നീയിനങ്ങളിൽ സ്രോതസ്സിൽ നിന്നും തുക കുറവ് ചെയ്തിരുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ മേൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, ചെലവിൽ തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ, ഫണ്ടുകളുടെ വരവ്, നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങളും സ്രോതസ്സും ഇനം തിരിച്ച് ലഭ്യമല്ല.

പട്ടികജാതി വിഭാഗം വികസന ഫണ്ട് ചെലവ് 49.28 ശതമാനം മാത്രം- 1.07 കോടി ലാപ്സായി

2019-20 സാമ്പത്തിക വർഷത്തെ പട്ടികജാതി വിഭാഗം വികസന ഫണ്ട് വിഹിതമായ ₹21112000/-ൽ ₹10404453/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ 49.28 ശതമാനം മാത്രമാണ് ചെലവ്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ മാറാതിരുന്നതിനാൽ ₹10707547/- ലാപ്സായി.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവ് 36.6 ശതമാനം മാത്രം- 1.08 കോടി ലാപ്സായി

2019-20 സാമ്പത്തിക വർഷത്തെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതമായ ₹17131223/-ൽ ₹6269917/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ 36.6 ശതമാനം മാത്രമാണ് ചെലവ്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ മാറാതിരുന്നതിനാൽ ₹10861306/- ലാപ്സായി.

റോഡ് സംരക്ഷണ ഗ്രാന്റ് ചെലവ് 27.4 ശതമാനം മാത്രം- 1.24 കോടി ലാപ്സായി

2019-20 സാമ്പത്തിക വർഷത്തെ റോഡ് സംരക്ഷണ ഗ്രാന്റ് വിഹിതമായ ₹17117000/-ൽ ₹4690746/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ 27.4 ശതമാനം മാത്രമാണ് പഞ്ചായത്തിന് ചെലവഴിക്കുവാൻ സാധിച്ചത്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ മാറാതിരുന്നതിനാൽ ₹12426254/- ലാപ്സായി.

റോഡിതര സംരക്ഷണ ഗ്രാന്റ് ചെലവ് 51.81 ശതമാനം മാത്രം- 30.13 ലക്ഷം ലാപ്സായി

2019-20 സാമ്പത്തിക വർഷത്തെ റോഡിതര സംരക്ഷണ ഗ്രാന്റ് വിഹിതമായ ₹6254000/-ൽ ₹3240334/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ 51.81 ശതമാനം മാത്രമാണ് പഞ്ചായത്തിന് ചെലവഴിക്കുവാൻ സാധിച്ചത്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ മാറാതിരുന്നതിനാൽ ₹3013666/- ലാപ്സായി.

1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| (എണ്ണം) | | | | (എണ്ണം) | | (%) |
|---|---|---|---|---|---|---|
| 311 | 414490179 | 140 | 57298905 | 0 | 171 | 45.02 |

ആകെ അംഗീകാരം ലഭിച്ച 311 പദ്ധതികളിൽ 140 പദ്ധതികൾ അതായത് പകുതിയിൽ കുറവ് മാത്രമേ നടപ്പാക്കാൻ കഴിഞ്ഞിട്ടുള്ളൂ.

ഓരോ നിർവ്വഹണ ഉദ്യോഗസ്ഥരും നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ.

| | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ (എണ്ണം) | നടപ്പാക്കാത്ത പദ്ധതികൾ (%) | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം % |
|---|---|---|---|---|---|---|---|
| 1. | സെക്രട്ടറി | 52 | 26 | 50.00 | 27235496 | 13333291 | 48.96 |
| 2. | അസി. സെക്രട്ടറി | 12 | 3 | 25.00 | 7054096 | 289877 | 4.11 |
| 3. | അസിസ്റ്റന്റ് എൻജിനീയർ | 213 | 82 | 38.50 | 75032451 | 24836547 | 33.10 |
| 4. | കൃഷി ഓഫീസർ | 7 | 7 | 100.00 | 3810586 | 2083371 | 54.67 |
| 5. | വെറ്ററിനറി സർജൻ | 3 | 3 | 100.00 | 2100000 | 169956 | 8.09 |
| 6. | വി.ഇ.ഒ | 5 | 4 | 80.00 | 292516450 | 11669452 | 3.99 |
| 7. | മെഡിക്കൽ ഓഫീസർ – പി.എച്ച്.സി | 7 | 4 | 57.14 | 1451100 | 612784 | 42.23 |
| 8. | മെഡിക്കൽ ഓഫീസർ – ആയുർവ്വേദം | 1 | 1 | 100.00 | 450000 | 450000 | 100.00 |
| 9. | ഐ.സി.ഡി.എസ്. | 5 | 5 | 100.00 | 4320000 | 3375693 | 78.14 |
| 10. | ഹെഡ്മാസ്റ്റർ | 5 | 4 | 80.00 | 420000 | 377934 | 89.98 |
| 11. | മെഡിക്കൽ ഓഫീസർ – ഹോമിയോ | 1 | 1 | 100.00 | 100000 | 100000 | 100.00 |
| | ആകെ | 311 | 140 | 45.02 | 414490179 | 57298905 | 13.82 |

| ഇനം | അടങ്കൽ | ചെലവ് ₹ | ചെലവ് % |
|---|---|---|---|
| പൊതു വിഭാഗം | 29335130 | 20116285 | 68.57 |
| എസ്.സി.പി | 25721905 | 10404453 | 40.45 |

| | | | |
|---|---|---|---|
| റ്റി.എസ്.പി | 404118 | 182395 | 45.13 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 20782800 | 6269917 | 30.17 |
| റോഡ് | 18877000 | 4690746 | 24.85 |
| റോഡിതരം | 7052000 | 3240334 | 45.95 |
| സ്റ്റേറ്റ് ഷെയർ | 3382963 | 0 | 0.00 |
| തനത് ഫണ്ട് | 16493000 | 7952634 | 48.22 |
| മറ്റുള്ളവ | 268900801 | 249496 | 0.09 |
| ബ്ലോക്ക് പഞ്ചായത്ത് | 14317796 | 3306893 | 23.10 |
| ജില്ലാ പഞ്ചായത്ത് | 9222666 | 885752 | 9.60 |
| | 414490179 | 57298905 | 13.82 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 42967 | 664349 | 707316 | 704877 | 2349 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 34599270 | 34599270 | 34599270 | 0 |

## 1-6 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 20640 | 14 |
| കർഷക തൊഴിലാളി പെൻഷൻ | 861600 | 138 |
| വിധവ പെൻഷൻ | 5265000 | 412 |
| വാർദ്ധക്യകാല പെൻഷൻ | 861600 | 2190 |
| വികലാംഗ പെൻഷൻ | 13124100 | 216 |
| 50 വയസ്സിൽ കൂടുതലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 36000 | 6 |

വാർഷിക ധനകാര്യ പത്രികയിൽ അവിവാഹിതർക്കുള്ള പെൻഷൻ ഇനത്തിൽ ₹13,46,600/- എന്ന് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/19.01.2022) നൽകിയ മറുപടിയിൽ ₹36,000/-യാണ് ഈയിനത്തിൽ ചെലവുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. വാർഷിക കണക്കുകൾ കൃത്യമായി തയ്യാറാക്കേണ്ടതാണ്.

### 1-6-1 ക്ഷേമ പെൻഷനുകളിലെ തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടാത്തത്

തൻ വർഷത്തെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവിധ ക്ഷേമ പദ്ധതികളുടെ തുകകൾ സേവന സോഫ്റ്റ് വെയറിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/19.01.22) നൽകിയ വിവരങ്ങളാണ് ചുവടെ ചേർക്കുന്നത്.

| ക്ഷേമ പദ്ധതിയുടെ പേര് | വാർഷിക കണക്കിലെ തുക | മറുപടി പ്രകാരമുള്ള തുകകൾ | മറുപടി പ്രകാരമുള്ള ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | -- | 8,61,600 | 138 |
| വാർദ്ധക്യകാല പെൻഷൻ | 8,61,600 | 8,61,600 | 2190 |
| വികലാംഗ പെൻഷൻ | 1,31,24,100 | 1,31,24,100 | 216 |
| അവിവാഹിതർക്കുള്ള പെൻഷൻ | 13,46,600 | 36,000 | 6 |

കർഷക തൊഴിലാളി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ എന്നിവയ്ക്ക് ഒരേ തുകയാണ് മറുപടി പ്രകാരം ലഭ്യമാക്കിയത്. ₹1,31,24,100/- നൽകിയത് 216 പേർക്കാണ് എന്നത് പുന:പരിശോധിക്കേണ്ടതാണ്.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.01.2022-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹15,278/- (പതിനയ്യായിരത്തി ഇരുനൂറ്റി എഴുപത്തി എട്ട് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

1. ഓഫീസ് സംവിധാനം - 3 ക്ലർക്കുമാരും 5 സീനിയർ ക്ലർക്കുമാരും 2 ഓഫീസ് അറ്റന്റന്റുമാരും 3 ഫുൾടൈം സ്വീപ്പർമാരും 1 പാർട്ട് ടൈം സ്വീപ്പറും 1 അക്കൗണ്ടന്റും 1 ജൂനിയർ സൂപ്രണ്ടും 1 അസിസ്റ്റന്റ് സെക്രട്ടറിയും 1 സെക്രട്ടറിയും ഉൾപ്പെടുന്നതാണ്. ഓഫീസ് ഓർഡർ പ്രകാരം കൃത്യമായ ജോലി വിഭജനം നടത്തിയിട്ടുണ്ട്.

2. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല.

3. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി, ക്യാഷ്ബുക്ക്, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കേണ്ടതാണ്.

4. തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കുന്നില്ല.

5. പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല. കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ പ്രോജക്ടിൽ നിന്ന് വ്യതിചലിച്ച് പദ്ധതി നിർവ്വഹണം നടത്തിയിരിക്കുന്നു. അസിസ്റ്റന്റ് എഞ്ചിനീയറുടെ ഫയലുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. ടെണ്ടറുകളിൽ വ്യാപകമായ രീതിയിൽ വെട്ടിത്തിരുത്തലുകൾ കാണപ്പെടുന്നു. മാലിന്യ നിർമ്മാജ്ജനത്തിനായി സമാന്തര സൊസൈറ്റിക്ക് പണം നൽകിയിട്ടുള്ളതായി കാണുന്നു. വാങ്ങൽ പ്രക്രിയകളിൽ ആവശ്യമായ കരുതലുകൾ സ്വീകരിക്കുന്നില്ല.

ഫ്രണ്ട് ഓഫീസ് പ്രവർത്തനം

വരുന്ന തപാലുകൾ കൃത്യമായി ഫ്രണ്ട് ഓഫീസിൽ നിന്ന് സൂചിക സോഫ്റ്റ് വെയറിൽ ഡിസ്ട്രിബ്യൂഷൻ നടത്തുന്നുണ്ട്. എന്നാൽ ബാക്ക് ഓഫീസിൽ ഫയലുകളുടെ നീക്കം കൃത്യമായി നടക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ യാതൊരു സംവിധാനവുമില്ല. സൂപ്പർവൈസറി തലത്തിൽപ്പെട്ടവരുടെ ശരിയായ മോണിട്ടറിംഗ് നടക്കുന്നില്ല.

ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ

സൂചിക സോഫ്റ്റ് വെയറിൽ നിന്ന് എടുത്ത് സൂക്ഷിക്കുന്നുണ്ട്.

ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ

ഓരോ ദിവസവും ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി ഏൽപ്പിച്ച് നൽകുന്ന രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

ഫ്രണ്ട് ഓഫീസ് ഡയറി

ഓരോ ദിവസവും നൽകേണ്ട സേവനങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ - കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തുകയോ മേൽ പരിശോധന നടത്തുകയോ ചെയ്യുന്നില്ല.

1-9 ബി-4 ഷെഡ്യൂളിലെ അപാകതകൾ

ചുവടെ ചേർക്കുന്ന ഇനങ്ങളുടെ ഷെഡ്യൂൾ B-4 പ്രകാരം ചെലവഴിക്കാനവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളും ഷെഡ്യൂൾ B-17 പ്രകാരം ബാങ്ക് അക്കൌണ്ടിൽ നില നിർത്തിയിരിക്കുന്ന തുകകളും തമ്മിൽ വ്യത്യാസമുള്ളതായി കാണുന്നു.

| ഇനം | ഷെഡ്യൂൾ B-4 പ്രകാരം തുക (₹) | ഷെഡ്യൂൾ B-17 പ്രകാരം തുക (₹) |
|---|---|---|
| എസ്.എസ്.എ. വിഹിതം | 2797 | 105568 |
| ലൈഫ് | 27830100 | 33078 |

ബി-4 ഷെഡ്യൂളിൽ പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച വിവിധ ഫണ്ടുകളിലെ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകൾ (എൻ.ആർ.ഇ.ജി.എ, എസ്.എസ്.എ., ലൈഫ് എന്നിവ ഒഴികെ) ഏതൊക്കെ അക്കൌണ്ടുകളിലാണ് സൂക്ഷിച്ചിരിക്കുന്നതെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല.

1-9-1 Balance Sheet-ലെ B(5), B(16) ഷെഡ്യൂളുകളിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

Balance Sheet-ലെ B(5), B(16) ഷെഡ്യൂളുകളിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. B(16)-ൽ ₹33,078/- അധികമുള്ളതായി കാണുന്നു. കൂടാതെ, ലൈഫ് ഭവന പദ്ധതിയ്ക്ക് വേണ്ടി B(17)-ൽ നിലനിർത്തിയിരിക്കുന്ന അക്കൌണ്ടിൽ (450210103) ഇതേ തുക തന്നെ നീക്കിയിരിപ്പുള്ളതായും കാണുന്നു. ജവഹർ ഭവന പദ്ധതിയുടെ രജിസ്റ്ററിൽ ലോൺ തിരിച്ചടവ്- തിരിച്ചടയ്ക്കാനുള്ള തുക എന്നിവയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. KURDFC ലോണിന് അപ്രകാരം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1-9-2 വരുമാനം ബാദ്ധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്നു

ഷെഡ്യൂൾ ബി- 7 Deposit Received From Others എന്ന ഹെഡിൽ OFC കേബിൾ ഇടുന്നതിന്റെ റെസ്റ്റോറേഷൻ ചാർജ്ജായി 25.11.2017-ന് ലഭിച്ച ₹9,30,045/-യും 16.01.2018-ന് ലഭിച്ച ₹10,54,581/-യും യഥാർത്ഥത്തിൽ ഗ്രാമ പഞ്ചായത്തിന്റെ വരുമാനമാണ്. ഇത് ബാദ്ധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്നത് ശരിയല്ല.

1-9-3 ബി-9 ഷെഡ്യൂൾ അപാകതകൾ

ബി-9 ഷെഡ്യൂൾ പ്രകാരം അദർ ലയബിലിറ്റീസ് എന്ന ഹെഡിലെ ആകെ ബാദ്ധ്യത ₹39,96,019/-യാണ്. ₹9,55,956/- പ്രാരംഭ ബാക്കിയുള്ള പ്രസ്തുത അക്കൗണ്ടിൽ, ലൈഫ് ഭവന പദ്ധതി ഹഡ്കോ വിഹിതം വിതരണം ചെയ്തതിൽ ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ആകാതെ തിരികെ വന്ന, ₹13,60,000/- 24.06.2019-ന് ഇതിൽ ബാദ്ധ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബാങ്ക് അക്കൗണ്ടിൽ നിന്ന് പ്രസ്തുത തുക പിന്നീട് വിതരണം ചെയ്തെങ്കിലും ഈ അക്കൗണ്ടിൽ ആയത് ഇപ്പോഴും ബാദ്ധ്യതയായി തുടരുന്നത് അക്കൗണ്ടിംഗിലെ അപാകതയാണ്. 31.03.2020- ലൈഫിന്റെ അക്കൗണ്ടിൽ (320300199) നിന്ന് ₹10,00,000/-യും ഹഡ്കോയുടെ അക്കൗണ്ടിൽ (330500201) നിന്ന് ₹6,80,000/-യും കാരണമൊന്നും രേഖപ്പെടുത്താതെ ഈ

അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ടെങ്കിലും പിന്നീട് യാതൊരു ക്രമീകരണവും വരുത്തിയിട്ടില്ല.

### 1-9-4 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല. വാർഷിക കണക്കിൽ ഡിപ്രീസിയേഷൻ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല.

### 1-9-5 മറ്റ് അപാകതകൾ

ക്യാപ്പിറ്റൽ വർക്ക്-ഇൻ-പ്രോഗ്രസ് എന്നയിനത്തിൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുക ₹7,30,840/-. അസി. എഞ്ചിനീയർ ലഭ്യമാക്കിയ രേഖകൾ പ്രകാരം ഇത് ₹13,60,656/-യാണ്. വസ്തു നികുതി കുടിശ്ശിക തുകകൾക്ക് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

### 1-10 അടിസ്ഥാന വസ്തു നികുതി നിരക്കിൽ കുറവ്

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുമുള്ള ലൈസൻസ് അപേക്ഷകൾ സഞ്ചയ സോഫ്റ്റ് വെറിലെ വസ്തു നികുതി നിർണയ രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച് വിജ്ഞാപനം ചെയ്ത പ്രകാരം ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിലാണ് അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളതെന്ന് കണ്ടെത്തി.

| ക്രമ നം. | ഡി & ഒ രജിസ്റ്റർ പ്രകാരം ക്രമ നം. | ലൈസൻസിയുടെ/ കെട്ടിട ഉടമയുടെ പേര് | വാർഡ് നം/ കെട്ടിട നമ്പർ | ഉപയോഗ ക്രമം | വിസ്തീർണം (ച.മീ) | സഞ്ചയ പ്രകാരം നിർണയിച്ച അടിസ്ഥാന വസ്തു നികുതി നിരക്ക് | പഞ്ചായത്ത് അംഗീകരിച്ച് വിജ്ഞാപനം ചെയ്ത് പ്രകാരം ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക് | ഈടാക്കുന്നതിൽ കുറവ് വന്ന അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീറ്ററിന്) |
|---|---|---|---|---|---|---|---|---|
| 1 | 24 | മിഖയേൽ ജെ കള്ളിവയലിൽ | 16/347 | റിസോർട്ട് | 221 | 40 | 90 | 50 |
| 2 | 145 | ഫിലിപ്പ് മാത്യു | 5/380 | ഹോംസ്റ്റേ | 500 | 6 | 40 | 36 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 5, തീയതി. 20/01/2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് കെട്ടിട നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിനനുസരിച്ചാണോ അടിസ്ഥാന നികുതി നിരക്ക് നിർണ്ണയിച്ചിട്ടുള്ളതെന്ന് ഉറപ്പാക്കേണ്ടതാണ്.

### 1-11 മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 31/10/2017-ലെ ജി.ഒ.(പി)നം.80/2017/ത.സ്വ.ഭ.വ./എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം ഭേദഗതി ചട്ടങ്ങളിലെ ചട്ടം 10-ലെ പട്ടിക 2-ൽ ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ വിവിധ വ്യാപാരങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കേണ്ടതെങ്കിലും അപേക്ഷയിൽ മൂലധന നിക്ഷേപം എത്രയാണ് എന്നത് സംബന്ധിച്ച വിവരം രേഖപ്പെടുത്തി ആനുപാതികമായ ഫീസ് ഈടാക്കുന്നില്ല. അപാകത ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-12 ഇ-ടെൻഡർ ഫോം വില, നിരത ദ്രവ്യം എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല

അഞ്ച് ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടി ക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.04.2015-ലെ ജി.ഒ(പി)1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമ പഞ്ചായത്ത് 2019-20 സാമ്പത്തിക വർഷം 34 പ്രോജക്ടുകൾക്കായി ഇ-ടെൻഡർ നടപടികൾ സ്വീകരിച്ചുവെങ്കിലും പ്രസ്തുത തുകകൾ (ടെൻഡർ ഫോം വില + ടെൻഡർ വിജയിയായ കരാറുകാരന്റെ മാത്രം നിരതദ്രവ്യം) ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. വിവിധ കരാറുകാർ ഈയിനങ്ങളിൽ ഒടുക്കിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | പ്രവൃത്തികളുടെ എണ്ണം | ഫോം വില |
|---|---|---|
| 2019-20 | 34 | 78433 |

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

1-13 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

താഴെ കൊടുത്തിരിക്കുന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205 എന്നിവ പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കുന്നതിൽ ഒന്നാം അർദ്ധ വർഷത്തിൽ കുറവ് വന്നിട്ടുണ്ട്.

| സ്ഥാപനത്തിന്റെ പേര് | | | ഗവ. എം.ആർ.എസ് സ്കൂൾ, പീരുമേട് | | | |
|---|---|---|---|---|---|---|
| ക്രമ നം. | ജീവനക്കാരന്റെ പേര് | തസ്തിക | അർദ്ധ വാർഷിക വരുമാനം ₹ | ഈടാക്കേണ്ട തൊഴിൽ നികുതി ₹ | ഈടാക്കിയ തൊഴിൽ നികുതി ₹ | ഈടാക്കുന്നതിൽ കുറവ് വന്ന തുക ₹ |
| 1 | രമേഷ് ജി. | എച്ച്.എസ്.എ | 191520 | 1250 | 1000 | 250 |
| 2. | അജിത എസ്. | എച്ച്.എസ്.എസ്.ടി | 211800 | 1250 | 1000 | 250 |
| 3 | മോനിഷാ തോമസ് | എച്ച്.എസ്.എസ്.ടി | 211800 | 1250 | 1000 | 250 |
| 4 | പീറ്റർ ജോൺ | എച്ച്.എസ്.എസ്.ടി | 211800 | 1250 | 1000 | 250 |
| 5 | സുബീഷ് എം. എം. | എച്ച്.എസ്.എസ്.ടി | 211800 | 1250 | 1000 | 250 |
| 6 | സുമാ എം.എസ്. | എച്ച്.എസ്.എസ്.ടി | 211800 | 1250 | 1000 | 250 |
| 7 | സുരേഷ് കുമാർ എം. | എച്ച്.എസ്.എസ്.ടി | 211800 | 1250 | 1000 | 250 |

| | | | | | | |
|---|---|---|---|---|---|---|
| 8 | രാജാ എം. | ആർ.റ്റി | 191520 | 1250 | 1000 | 250 |
| 9 | ലെനിൻ എം. കെ. | ഡിറ്റി | 211800 | 1250 | 1000 | 250 |
| ആകെ | | | | | | 2250 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 6/20.1.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈടാക്കുന്നതിൽ കുറവ് വന്ന ₹2,250/- തൊഴിൽ നികതി ബന്ധപ്പെട്ട ജീവനക്കാരിൽ നിന്ന് ഈടാക്കാൻ സാധിക്കുന്നില്ലെങ്കിൽ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

1-14 സർക്കാർ നിർദ്ദേശം ലംഘിച്ച് സ്വകാര്യ സ്ഥാപനത്തിൽ നിന്ന് പുസ്തകങ്ങൾ വാങ്ങിയത് സംബന്ധിച്ച്

| | |
|---|---|
| പദ്ധതി, നം. | എൽ.പി. സ്കൂൾ ലൈബ്രറിയിലേയ്ക്ക് പുസ്തകം വാങ്ങൽ<br>234/2019-20, (88/2018-19) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ. എൽ. പി. സ്കൂൾ |
| അടങ്കൽ | ₹1,00,000/- (റോഡിതരം) |
| ചെലവ് തുക | ₹50,000/- (റോഡിതരം)<br>₹48,000/- (റോഡിതരം) |
| ബിൽ നം, തുക ₹,തീയതി | 18100252009601540296, ₹50,000/-, 27.03.2019<br>19100252009600351533, ₹48,000/-. 17.07.2019 |

പീരുമേട് പഞ്ചായത്തിലെ വിവിധ ഗവ. എൽ.പി. സ്കൂളുകളിലേയ്ക്ക് ലൈബ്രറി പുസ്തകങ്ങൾ വാങ്ങി നൽകുന്നതിനായിരുന്നു പദ്ധതി വിഭാവനം ചെയ്തത്. 2018-19 വാർഷിക പദ്ധതിയിൽപ്പെടുത്തി അംഗീകാരം ലഭിച്ച 88/2018-19-ന്റെ സ്പിൽ ഓവർ പദ്ധതിയാണ് 234/2019-20. പദ്ധതി പ്രകാരം വണ്ടിപ്പെരിയാറിലുള്ള ക്യാപ്റ്റൻ ട്രേഡേഴ്സ് എന്ന സ്ഥാപനത്തിന് പുസ്തകങ്ങൾ വാങ്ങിയതിന് മേൽ ബില്ലുകൾ പ്രകാരം ₹98,000/- നല്കിയതായി കാണുന്നു (ഇൻവോയ്സ് നം. 062 & 063, 27.03.2019). എന്നാൽ ക്യാപ്റ്റൻ ട്രേഡേഴ്സ്, എന്ന സ്ഥാപനത്തിന്റെ ജി.എസ്.ടി. ഐ.എൻ നമ്പർ പരിശോധിച്ചപ്പോൾ മേൽ സ്ഥാപനം ഫർണീച്ചർ & ഹോം അപ്ലയൻസസ്സ് വിൽക്കുന്ന സ്ഥാപനമാണ്. തദ്ദേശ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി പുസ്തകങ്ങൾ വാങ്ങുമ്പോൾ ആയത് ബുക്ക് മാർക്ക്, സാഹിത്യ പ്രവർത്തക സഹകരണ സംഘം, (സ.ഉ(സാധാ) നമ്പർ 3709/2017/ത.സ്വ.ഭ.വ, തിരുവനന്തപുരം, തീയതി. 18.11.2017) & കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, (സ.ഉ(സാധാ) നമ്പർ 1160/2019/ത.സ്വ.ഭ.വ, തിരുവനന്തപുരം തീയതി. 05.06.2019) എന്നിവിടങ്ങളിൽ നിന്ന് വാങ്ങണമെന്ന് സർക്കാർ നിർദ്ദേശമുള്ളതാണ്. മേൽ നിർദ്ദേശം ലംഘിച്ച് സ്വകാര്യ സ്ഥാപനമായ ക്യാപ്റ്റൻ ട്രേഡേഴ്സിൽ നിന്ന് പുസ്തകങ്ങൾ വാങ്ങിയത് മാർഗ്ഗരേഖ ലംഘനമാണ്. അപാകതയ്ക്ക് വിശദീകരണം അന്വേഷിച്ച് കൊണ്ടുള്ള കുറിപ്പ് (2/19.01.2022)ന് മറുപടി ലഭ്യമാക്കിയില്ല. പുസ്തകങ്ങൾ വാങ്ങുമ്പോൾ ആയത് ബുക്ക് മാർക്ക്, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, എന്നിവിടങ്ങളിൽ നിന്ന് വാങ്ങിയിരുന്നെങ്കിൽ 30% ഡിസ്കൗണ്ടിൽ പുസ്തകങ്ങൾ ലഭ്യമാകുന്നതായിരുന്നു. എന്നാൽ മേൽ ഡിസ്കൗണ്ട് ഇവിടെ ലഭ്യമായിട്ടില്ല. സർക്കാർ നിർദ്ദേശമനുസരിച്ച് പുസ്തകങ്ങൾ വാങ്ങിയിരുന്നെങ്കിൽ 30% ഡിസ്കൗണ്ട് ലഭ്യമായി. മാത്രമല്ല, ആ തുകയ്ക്കും കൂടി പുസ്തകങ്ങൾ വാങ്ങാമായിരുന്നു. തമിഴ്, ഇംഗ്ലീഷ്, മലയാളം എന്നീ ഭാഷകളിലുള്ള പുസ്തകങ്ങൾ പഞ്ചായത്തിലെ വിവിധ ഗവ. എൽ. പി. സ്കൂളുകളിലേയ്ക്ക് വിതരണം ചെയ്തിട്ടുണ്ട്. ക്യാപ്റ്റൻ ട്രേഡേഴ്സിൽ നിന്നും പുസ്തകങ്ങൾ വാങ്ങിയതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. മാർഗ്ഗരേഖകൾ ലംഘിച്ചതിനാൽ ചെലവ് തുക ₹98,000/- തടസ്സം ചെയ്യുന്നു.

1-15 വാടക കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു

വാടക രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ വാടകയ്ക്ക്

നൽകിയിട്ടുള്ള താഴെപ്പറയുന്ന മുറികളുടെ വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നമ്പർ/ സ്റ്റാൾ നമ്പർ | വാടകക്കാരന്റെ പേര് | പ്രതിമാസം ഈടാക്കേണ്ട വാടക ₹ | തുക ഈടാക്കാൻ അവശേഷിക്കുന്ന കാലാവധി | ആകെ ഈടാക്കാൻ അവശേഷിക്കുന്ന തുക ₹ | മറ്റ് വിവരങ്ങൾ |
|---|---|---|---|---|---|---|
| 1. | 4 | വിശ്വനാഥൻ ആചാരി | 826 | 10/2019 മുതൽ 3/2020 വരെ | 4956 | കരാറിൽ ഏർപ്പെട്ടിട്ടുണ്ട് |
| 2. | 16 | നിരഞ്ജൻ | 683 | 04/2019 മുതൽ 03/2020 വരെ | 8196 | കരാറിൽ ഏർപ്പെട്ടിട്ടില്ല |
| 3 | 19 | നവാസ് | 669 | 04/2019 മുതൽ 03/2020 വരെ | 8028 | കരാറിൽ ഏർപ്പെട്ടിട്ടുണ്ട് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 7, 20/1/2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമനമ്പർ 1,3 എന്നിവ പ്രകാരമുള്ള വാടകകുടിശ്ശിക ഈടാക്കുന്നതിനുള്ള നിയമാനുസൃതമായ നോട്ടീസ് നൽകിയിട്ടുണ്ട് . തുടർ നടപടികൾ സ്വീകരിച്ച് കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ക്രമ നമ്പർ (2) പ്രകാരമുള്ള നിരഞ്ചൻ എന്ന വ്യക്തിയുമായി നിയമ സാധുതയുള്ള കരാറിൽ ഏർപ്പെടാത്തതിനാൽ 04/2019 മുതൽ 03/2020 വരെയുള്ള വാടക കുടിശ്ശിക ₹ 8196/- വരവ് നഷ്ടമായി കണക്കാക്കി വാടക ഈടാക്കേണ്ടിയിരുന്ന കാലയളവിൽ ചുമതലയിലുണ്ടായിരുന്ന സെക്രട്ടറിമാരിൽ നിന്ന് ഈടാക്കേണ്ടതാണ്.

1-16 റാണിക്കോവിൽ എസ്.സി. നഴ്സറി സ്കൂൾ കുട്ടികൾക്ക് ഭക്ഷണം പഠനോപകരണങ്ങൾ, യൂണിഫോം - അപാകതകൾ - രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണം – അസിസ്റ്റന്റ് സെക്രട്ടറി.

ഫണ്ടിനം – പട്ടികജാതി ഉപപദ്ധതി വിഹിതം.

പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പദ്ധതി ഏറ്റെടുത്ത് നിർവ്വഹണം നടത്തിയിരിക്കുന്നു. സ.ഉ(സാധ)നം. 11/2018/തസ്വഭവ., തീയതി: 29.01.2018-ൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കാവുന്ന പദ്ധതികളെ സംബന്ധിച്ച് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. ലഭ്യമാക്കിയ രേഖകൾ പ്രകാരം നഴ്സറി സ്കൂൾ കുട്ടികൾക്ക് ഭക്ഷണത്തിനും യൂണിഫോം വാങ്ങുന്നതിനും സ്കൂൾ വാഹന വാടക നൽകുന്നതിനുമാണ് ഈ പദ്ധതി പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്. നഴ്സറി സ്കൂൾ കുട്ടികൾക്ക് പഠനത്തിനും ഭക്ഷണത്തിനും യൂണിഫോം വാങ്ങുന്നതിനും സ്കൂൾ വാഹന വാടക നൽകുന്നതിനും പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശമില്ല. മേൽ ഉത്തരവിലെ ഖണ്ഡിക 7-6-5 പ്രകാരം സ്കൂൾ ഉച്ചഭക്ഷണ പരിപാടിയുടെ കാര്യത്തിൽ അവയുടെ നടത്തിപ്പിനാവശ്യമായ ഭൗതിക സൗകര്യങ്ങളും ശുചിത്വം ഉറപ്പാക്കുന്ന പദ്ധതികളും മാത്രമാണ് നടപ്പാക്കാവുന്നത്. എന്നാൽ ഉച്ചഭക്ഷണത്തിനാവശ്യമായ സാധനങ്ങൾ പദ്ധതി പ്രകാരം വാങ്ങിയിരിക്കുന്നു. കൂടാതെ 7-6-15 വാഹനങ്ങളുടെ ചെലവുകൾ നൽകുക എന്നത് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടുന്നില്ല. മാത്രമല്ല മാർഗ്ഗരേഖയിലൊരിടത്തും പ്രീ-പ്രൈമറി സ്കൂളുകളെക്കുറിച്ച് പ്രതിപാദിക്കുന്നില്ല. സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള അങ്കണവാടികൾ മുഖേനയാണ് ഈ പ്രായത്തിലുള്ള (0-6 വയസ്സ്) കുട്ടികൾക്കാവശ്യമായ ഭക്ഷണങ്ങൾ വിതരണം നടത്തേണ്ടത്. കൂടാതെ സ്കൂൾ യൂണിഫോം വിതരണം നടത്തുന്നതിന് പദ്ധതി ആവിഷ്കരിക്കാനും സാധിക്കില്ല. മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ഇനം പ്രവൃത്തികൾ നടപ്പാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. എന്നാൽ പദ്ധതികൾ നടപ്പാക്കാൻ സർക്കാരിൽ നിന്ന് അനുമതി വാങ്ങിയതിന്റെ രേഖകളും ഹാജരാക്കിയില്ല. ലഭ്യമാക്കിയ രേഖകൾ പ്രകാരം താഴെ പറയുന്ന ഇനം ചെലവുകൾക്കാണ് പണം ചെലവഴിച്ചിരിക്കുന്നത്.

| പ്രോജക്ട് നമ്പർ | ബിൽ നമ്പർ | ചെലവിനം |
|---|---|---|

| | | |
|---|---|---|
| 136/20<br>അടങ്കൽ<br>₹2,50,000/- | 19100252013901253886/<br>12.02.2020<br>₹22,400/- | കുട്ടികളുടെ 06/2019, 11/2019, 12/2019<br>എന്നീ മാസങ്ങളിലെ വണ്ടിക്കൂലി |
| | 19100252013901253887/<br>12.02.2020<br>₹13,761/- | സ്കൂളിലേയ്ക്കാവശ്യമായ 12/2019 മാസത്തെ<br>പച്ചക്കറി, പലചരക്ക് എന്നിവ വാങ്ങിയ ചെലവ് |
| | 19100252013901280392/<br>15.02.2020<br>₹25,615/- | കുട്ടികളുടെ 1/2020 മാസത്തെ വണ്ടിക്കൂലി |
| | 19100252013901365687/<br>27.02.2020<br>₹12,802/- | സ്കൂളിലേയ്ക്കാവശ്യമായ 09/2019 മാസത്തെ<br>പച്ചക്കറി, പലചരക്ക് എന്നിവ വാങ്ങിയ ചെലവ് |
| | 19100252013901448538/<br>10.03.2020<br>₹16,594/- | സ്കൂളിലേയ്ക്കാവശ്യമായ 10/2019 മാസത്തെ<br>പച്ചക്കറി, പലചരക്ക് എന്നിവ വാങ്ങിയ ചെലവ് |
| | 19100252013901448539/<br>10.03.2020<br>₹16,671/- | സ്കൂളിലേയ്ക്കാവശ്യമായ 11/2019 മാസത്തെ പച്ചക്കറി,<br>പലചരക്ക്, ഗ്യാസ് എന്നിവ വാങ്ങിയ ചെലവ് |
| | 19100252013901448544/<br>10.03.2020<br>₹13,126/- | സ്കൂളിലേയ്ക്കാവശ്യമായ 02/2020 മാസത്തെ<br>പച്ചക്കറി, പലചരക്ക് എന്നിവ വാങ്ങിയ ചെലവ് |
| | 19100252013901596858/<br>25.03.2020<br>₹19,600/- | കുട്ടികളുടെ 10/2019,2/2020<br>മാസങ്ങളിലെ വണ്ടിക്കൂലി |
| | 19100252013901596861/<br>25.03.2020<br>₹5,721/- | കുട്ടികളുടെ 3/2020<br>മാസങ്ങളിലെ വണ്ടിക്കൂലി |
| | 19100252013901648516/<br>30.03.2020<br>₹9,650/- | 6/2019ൽ സ്കൂളിലേയ്ക്കാവശ്യമായ<br>അത്യാവശ്യ സാധനങ്ങൾ വാങ്ങിയ ചെലവ് |
| പ്രോജക്ട് നം. 222/20<br>അടങ്കൽ<br>₹73,551/- | 19100252013901596862/<br>25.03.2020<br>₹18,000/- | കുട്ടികൾക്ക് സ്കൂൾ യൂണിഫോം<br>വാങ്ങി നൽകിയ ചെലവ് |
| അടങ്കൽ | ₹73551/- | |

പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഈ പദ്ധതിയുടെ നിർവ്വഹണം നടത്തുന്നതിന് സർക്കാർ അനുമതി

വാങ്ങിയിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം നം. 10/20.01.2022 നൽകിയെങ്കിലും ആയത് ഹാജരാക്കിയില്ല. തുടർന്നുള്ള വർഷങ്ങളിൽ സർക്കാരിന്റെ അനുമതിയോടുകൂടി മാത്രം ഇത്തരം പദ്ധതികൾ ഏറ്റെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. ഫയലുകൾ ഹാജരാക്കിയില്ല

മേൽ പ്രോജക്ടുകളുടെ താഴെ സൂചിപ്പിക്കുന്ന ബില്ലുകൾ പ്രകാരമുള്ള ചെലവുകൾ നടത്തിയ അസിസ്റ്റന്റ് സെക്രട്ടറി സ്ഥലം മാറി പോയപ്പോൾ രേഖകൾ കൈമാറാത്തതിനാൽ ഫയലുകൾ കൈമാറിയിട്ടില്ല. ആയതിനാൽ ഈ പദ്ധതിയുടെ താഴെ സൂചിപ്പിക്കുന്ന ബില്ലുകളുമായി ബന്ധപ്പെട്ട ചെലവ് വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയില്ല.

| ബിൽ നമ്പർ | തുക ₹ |
|---|---|
| 1910025201390039665/29.04.19 | 22400 |
| 1910025201390039654/22.08.19 | 38358 |
| 1910025201390048602/23.08.19 | 14094 |
| 1910025201390082604/23.08.19 | 30949 |
| ആകെ | 105801 |

ഇത് സംബന്ധിച്ച് ഓഡിറ്റ് റിക്വിസിഷൻ നം. 2/20.01.2022 നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. നിർവ്വഹണം നടത്തിയ അസിസ്റ്റന്റ് സെക്രട്ടറി ഫയലുകൾ കൈമാറി തന്നിട്ടില്ല എന്ന മറുപടിയാണ് ഇപ്പോഴത്തെ അസിസ്റ്റന്റ് സെക്രട്ടറി നൽകിയിട്ടുള്ളത്. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു. ₹105801/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-17 കരാർ പ്രകാരമുള്ള തുകയിൽ നിജപ്പെടുത്താതെ തുക അനുവദിച്ചു

ടെൻഡറിൽ വാഗ്ദാനം ചെയ്യുന്ന (PAC)/കരാർ പത്രിക പ്രകാരമുള്ള അളവുകളിൽ നിജപ്പെടുത്തിയാണ് കരാറുകാർക്ക് മരാമത്ത് പ്രവൃത്തികളുടെ ബിൽ തുക അനുവദിക്കേണ്ടത്. എന്നാൽ അപ്രകാരമുള്ള നടപടി സ്വീകരിക്കാതിരുന്നത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് നം.എസ് 278/2020 MCF നിർമാണം

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| കരാറുകാരൻ | ശ്രീ. വിഷ്ണു സുരേഷ് |
| അടങ്കൽ | ₹13,00,000/- (തനത് ഫണ്ട്) |
| PAC | ₹12,91,603/- |
| കരാർ നം./തീയതി | 78/AE/LSGD/PMD/2018-19 |

| | |
|---|---|
| | തീ. 01.12.2018 |
| അളവ് പുസ്തകം | 372 & 901/2019-20 |
| ആകെ വേല മൂല്യം | ₹1293693/- |
| ചെലവ് വിശദാംശങ്ങൾ | ചെക്ക് നം.3432252/തീ. 12.11.2019,<br>ചെക്ക് നം.007304/തീ. 14.01.2020,<br>1249889/തീ. 30.03.2020 |

പീരുമേട് ഗ്രാമപഞ്ചായത്തിലെ മൂക്രത്താൻ വളവിൽ SC ശ്മശാനത്തിന് സമീപം 11.8M X 6M അളവുകളിൽ ഒരു ഷെഡ്, ടോയ്‌ലറ്റ് സൗകര്യം, കവാടം, അപ്രോച്ച് റോഡ് എന്നിവ നിർമ്മിക്കുന്നതിന് ആവിഷ്കരിച്ച പ്രോജക്ടാണിത്. അളവ് പുസ്തക പ്രകാരം പ്രോജക്ടിന്റെ ആകെ വേല മൂല്യം ₹12,93,691/-യാണ്. പ്രസ്തുത തുക PAC ആയ ₹12,91,603/-യിൽ നിജപ്പെടുത്തി പ്രോജക്ടിന്റെ ആകെ ചെലവ് നിർണ്ണയിക്കുന്നതിന് പകരം യഥാർത്ഥ വേല മൂല്യം അടിസ്ഥാനപ്പെടുത്തിയാണ് നികുതി നിർണ്ണയങ്ങൾ നടത്തി കരാറുകാരന് തുക നൽകിയത്. തന്മൂലം ₹2,088/-യുടെ (1293691 – 1291603) അധിക ചെലവുണ്ടായിട്ടുണ്ട്. ടി തുക പ്രസ്തുത കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസി. എൻജിനിയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

2)പ്രോജക്ട് നം.എസ് 215/2020 (എസ് 114/2019 ) വാർഡ് 13-വനിതാ വിപണനകേന്ദ്രം പൂർത്തീകരണം

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| കരാറുകാരൻ | ശ്രീ. എം. സെബാസ്റ്റ്യൻ |
| അടങ്കൽ | ₹10,00,000/- (തനത് ഫണ്ട് ) |
| PAC | ₹9,73,428/- |
| കരാർ നം./തീയതി | 18/AE/LSGD/PMD/2018-19 തീ. 01.10.2018 |
| അളവ് പുസ്തകം | 97 & 603/2018-19 |
| ആകെ വേലമൂല്യം | ₹9,75,927/-യിൽ നിജപ്പെടുത്തി |
| ചെലവ് വിവരങ്ങൾ | ഒന്നാം പാർട്ട് ബിൽ 2018-19-ൽ നൽകി. ഫൈനൽ ബില്ലിന്റെ ചെക്ക് നം. 3732599/തീ. 09.10.2019 |

പീരുമേട് ഗ്രാമപഞ്ചായത്ത് 13-ാം വാർഡിലെ വനിതാ വിപണന കേന്ദ്രം പൂർത്തീകരണത്തിനായി ആവിഷ്കരിച്ച പ്രോജക്ടാണിത്. അളവ് പുസ്തക പ്രകാരം പ്രോജക്ടിന്റെ ആകെ വേലമൂല്യം ₹9,75,927/-യിൽ നിജപ്പെടുത്തി കരാറുകാരന് രണ്ട് പാർട്ട് ബില്ലുകളിലായി തുക അനുവദിച്ചു. PAC തുകയായ ₹973428/-യിൽ നിജപ്പെടുത്താതെ തുക അനുവദിച്ചത് മൂലം ₹2,499/-യുടെ

(975927 – 973428) അധിക ചെലവുണ്ടായിട്ടുണ്ട്. ടി തുക പ്രസ്തുത കരാറുകാരനിൽ നിന്നോ ബിൽ തയ്യാറാക്കിയ അസി. എൻജിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

(മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ (നം.12 &13 തീ. 20.01.2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല).

1-18 റീടാറിംഗ് പ്രവൃത്തി ബില്ലിൽനിന്ന് കാലിവീപ്പ വില ഈടാക്കിയില്ല

2016-ലെ ഡെൽഹി ഷെഡ്യൂൾ നിരക്ക് അടിസ്ഥാനപ്പെടുത്തിയാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. പ്രൈസ് (PRICE) സോഫ്റ്റ് വെയർ ഇതിനായി ഉപയുക്തമാക്കുന്നു. ഇതിലൂടെ OD 75.5 സ്പെസിഫിക്കേഷനിൽ തയ്യാറാക്കപ്പെടുന്ന ടാറിംഗ്-റീടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ Packed Bitumin-ന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. ആകയാൽ കരാറുകാരന് അധിക ലാഭമുണ്ടാകുന്നത് ഒഴിവാക്കുന്നതിനായി കാലി വീപ്പയുടെ മൂല്യം ഫൈനൽ ബില്ലിൽ നിന്ന് കുറവ് ചെയ്യാൻ സർക്കാർ നിർദ്ദേശമുള്ളതാണ്. എന്നാൽ ചുവടെ ചേർക്കുന്ന റീ-ടാറിംഗ് പ്രോജക്ടുകളുടെ ബില്ലിൽ നിന്ന് പ്രസ്തുത തുക ഈടാക്കിയില്ല.

പ്രോജക്ടുകളുടെ വിശദാംശങ്ങൾ

| പ്രോജക്ട് നം., പേര് | എസ് 276/20 പഞ്ചായത്ത് ഓഫീസ് സിവിൽ സ്റ്റേഷൻ റോഡ് റീടാറിംഗ് | എസ് 251/2020 വാർഡ് 7 റാണികോവിൽ കുരിശുമൊട്ട റോഡ് റീടാറിംഗ് | എസ് 250/20വാർഡ് 8, 40 പുതുവൽ റോഡ് റീടാറിംഗ് |
|---|---|---|---|
| അടങ്കൽ തുക | ₹4,60,000/-<br>(ആസ്തി പരിപാലനം (റോഡ്) | ₹8,00,000/-<br>(ആസ്തി പരിപാലനം (റോഡ്) | ₹4,00,000/-<br>(ആസ്തി പരിപാലനം (റോഡ്) |
| കരാറുകാരൻ ശ്രീ. ഒ.എം. സുലൈമാൻ | ശ്രീ. കെ. എൻ. സന്തോഷ് | ശ്രീ. കെ. ജെ. ആന്റണി | ശ്രീ. ഒ. എം. സുലൈമാൻ |
| കരാർ നം. / തീയതി | 11/AE/LSGD/PMD/18-19 തീ.25.09.2018 | 89/AE/LSGD/PMD/17-18 തീ.06.02.2018 | 87/AE/LSGD/PMD/18-19 തീ.25.01.2018 |
| അളവ് പുസ്തകം | 551/18-19 | 542/18-19 | 595/18-19 |
| ആകെ ബിൽ തുക | ആകെ വേലമൂല്യം ₹4,39,517/-. ഇതിൽ നിന്ന് ടെൻഡർ കിഴിവ്, ബിറ്റുമിൻ വില എന്നിവ കുറവ് ചെയ്ത് ₹3,58,466/- ആയി നിശ്ചയിച്ചു. | ആകെ വേലമൂല്യം ₹7,73,951/- ഇതിൽ നിന്ന് ബിറ്റുമിൻവില കുറവ് ചെയ്ത് ₹5,26,449/- ആയി നിശ്ചയിച്ചു. | ആകെ വേലമൂല്യം ₹3,99,977/- ഇതിൽനിന്ന് ബിറ്റുമിൻവില കുറവ് ചെയ്ത് ₹2,66,379/- ആയി നിശ്ചയിച്ചു. |

| | | | |
|---|---|---|---|
| | (BRN 19100252014000339884/<br>തീ. 16.07.2019 | (BRN 19100252014000339893/<br>തീ.16.07.2019 | (BRN 19100252014000339894/<br>തീ.16.07.2019 |

₹238/- + 18% GST നിരക്കിൽ ഒരു കാലിവീപ്പയുടെ മൂല്യം = ₹281/-

| പ്രോജക്ടുകളുടെ പേര് | കരാറുകാരന്റെ പേര് | വീപ്പകളുടെ എണ്ണം | വില ₹ | GST ₹ |
|---|---|---|---|---|
| എസ്. 0380/2020<br>ധർമവാലി പിള്ളപ്പുര ഭാഗം റോഡ് ടാറിംഗ് | ശ്രീ. കെ. എൻ. സന്തോഷ് | 15 | 3570 | 643 |
| എസ്. 0246/2020<br>വാർഡ് ഹില്ലാഷ് റോഡ് ടാറിംഗ് | കെ. ജെ. ആന്റണി | 11 | 2618 | 472 |
| എസ്. 0249/2020<br>മഞ്ചുമല രാജമുടി റോഡ് ടാറിംഗ് | ശ്രീ. ഒ. എം. സുലൈമാൻ | 12 | 2856 | 516 |
| ആകെ | | | 9044 | 1631 |

ധനകാര്യ വകുപ്പിന്റെ 12.04.2006-ലെ ജി.ഒ (പി) നം. 177/2006 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 10 അനുസരിച്ച് (തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30.10.2007-ലെ 59827/FM/07 നമ്പർ സർക്കുലർ കൂടി കാണുക). കാലി വീപ്പകളുടെ മൂല്യമായി ഈടാക്കുന്ന തുകകൾ പ്രോജക്ടിന് വേണ്ടി വകയിരുത്തിയ ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. പ്രസ്തുത പ്രോജക്ടിന് വേണ്ടി ആസ്തി സംരക്ഷണ ഗ്രാന്റ് (റോഡ്) വിനിയോഗിച്ചിട്ടുള്ളതിനാൽ അതിന്റെ കണക്ക് ശീർഷകമായ 3054-911-Deduct Recoveries Of Overpayments-ലേക്ക് പ്രസ്തുത തുക തിരികെ ഒടുക്കേണ്ടിയിരുന്നു. കാലി വീപ്പകളുടെ മൂല്യം കരാറുകാരനിൽ നിന്നോ, ബില്ലിൽ നിന്ന് ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ അസി. എൻജിനിയറിൽ നിന്നോ ഈടാക്കി മേൽ പരാമർശിച്ച കണക്ക് ശീർഷകത്തിലും GST തുക അതിന്റെ ശീർഷകത്തിലും സർക്കാരിലേക്ക് ഒടുക്കേണ്ടതാണ് (ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/2019-20 തീ.20.01.2022) മറുപടി ലഭ്യമാക്കിയില്ല.

1-19 ടാറിംഗ്/റീടാറിംഗ് പ്രവൃത്തികൾക്ക് ബിറ്റുമിൻ വാങ്ങുന്നതിന് മുൻകൂറായി ചെലവഴിച്ച തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. എഞ്ചിനീയർ

2017-18-ൽ ആവിഷ്കരിച്ച് തൻവർഷവും തുടർന്നുള്ള വർഷങ്ങളിൽ സ്പിൽ ഓവറായും ഏറ്റെടുത്ത 22 ടാറിംഗ്/റീടാറിംഗ് പ്രവൃത്തികൾക്ക് ബിറ്റുമിൻ വാങ്ങുന്നതിന് ₹35,20,253/- സിഡ്കോയുടെ തൊടുപുഴ ശാഖയ്ക്ക് കൈമാറിയിരുന്നു. 22 ബില്ലുകൾ പ്രകാരം 26.02.2018-ൽ SBI തൊടുപുഴ ശാഖയിലെ 57069492773 നമ്പർ അക്കൗണ്ടിലേക്ക് തുക നേരിട്ട് ക്രെഡിറ്റ് ചെയ്യുകയാണുണ്ടായത്. പ്രസ്തുത പ്രോജക്ടുകളിൽ 21 എണ്ണം 2017-18, 18- 19, 2019-20 വർഷങ്ങളിലായി പൂർത്തീകരിച്ച് ബിറ്റുമിന്റെ മൂല്യം അതാത് കരാറുകാരുടെ ബില്ലുകളിൽ നിന്ന് വസൂലാക്കിയിട്ടുണ്ട്. എന്നാൽ ഒരു പ്രോജക്ടിന് വേണ്ടി ഒടുക്കിയ തുക ഇനിയും ക്രമീകരിക്കാൻ ശേഷിക്കുകയാണ്. അതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വാർഡ് 2, ഗ്ലെൻമേരി റോഡ് ടാറിംഗ് |
| സിഡ്കോയ്ക്ക് കൈമാറിയ തുക | ₹157151/- |
| ഫണ്ട് | ആസ്തി സംരക്ഷണ ഗ്രാന്റ് (റോഡ്) |
| ബിൽ വിവരങ്ങൾ | BRN 17100252014001058004 തീ. 26.02.2018 |

2019-20 സാമ്പത്തിക വർഷം പ്രസ്തുത പ്രോജക്ട് വാർഷിക പദ്ധതിയുടെ ഭാഗമായിട്ടില്ല. ആകയാൽ പ്രോജക്ട്

ഉപേക്ഷിക്കപ്പെട്ടുവെന്ന് അനുമാനിക്കേണ്ട സ്ഥിതിയാണുള്ളത്. പ്രോജക്ട് നടപ്പാക്കാത്ത സ്ഥിതിക്ക് സിഡ്കോയ്ക്ക് കൈമാറിയ തുക അടിയന്തിരമായി പലിശ സഹിതം തിരികെ ഈടാക്കി നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

1-20 എസ്റ്റിമേറ്റിലെ പ്രധാന ഇനങ്ങൾ പൂർണമായി ഒഴിവാക്കി പരിഷ്കരിച്ചുവെങ്കിലും റീ-ടെണ്ടർ ചെയ്തില്ല

| | |
|---|---|
| പ്രോജക്ട് നം. | എസ്. 279/2020 |
| പേര് | 14-ാം വാർഡ് ആറ്റോരം റോഡ് ടാറിംഗ് & സംരക്ഷണഭിത്തി |
| അടങ്കൽ തുക | ₹5,00,000/- (ആസ്തി പരിപാലന ഗ്രാന്റ് റോഡ് വിഭാഗം ഫണ്ട് ) |
| ടെൻഡർ തീയതി | 15.10.2018 |
| ടെൻഡർ അംഗീകാരം | I(3)/തീ. 03.11.2018 |
| സെലക്ഷൻ നോട്ടീസ് തീയതി | 09.11.2018 |
| കരാർ നം./തീയതി | 81/AELSGD/PMD/18-19, തീ. 05.12.2018 |
| ചെലവ് തുക | ₹4,96,741/- |
| ബിൽ വിവരങ്ങൾ | 19100252014000339895/തീ. 17.07.2019 |

2018-ലെ പ്രളയത്തിൽ നശിച്ച, അഴുതയാറിന്റെ തീരത്തെ റോഡിന് സംരക്ഷണ ഭിത്തി നിർമ്മിച്ച് റീ-ടാർ ചെയ്യുന്നതിന് ആവിഷ്കരിച്ച പ്രോജക്ടാണിത്. 8മീറ്റർ X 4 മീറ്റർ X 2 മീറ്റർ അളവിൽ സംരക്ഷണ ഭിത്തി നിർമ്മിച്ച് 100m X 3m അളവിൽ റോഡ് റീ-ടാർ ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി ടെൻഡർ നടപടികളിലേക്ക് കടന്നതും കരാർ ചമച്ച് സൈറ്റ് കൈമാറിയതും. എന്നാൽ നിർവഹണത്തിന് മുൻപ് എസ്റ്റിമേറ്റിലെ റോഡ് ടാറിംഗ് ഇനങ്ങൾ പൂർണ്ണമായി ഒഴിവാക്കി കരാറുകാരന് ഏറെ ലാഭമുള്ള സംരക്ഷണ ഭിത്തി നിർമാണവും അതിന്റെ അനുബന്ധ കോൺക്രീറ്റ്, മണ്ണ് നിറയ്ക്കൽ പ്രവൃത്തികളും മാത്രം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പരിഷ്കരിച്ച് അംഗീകാരം വാങ്ങി പ്രോജക്ട് നടപ്പാക്കി. 2012-ലെ കേരള പൊതുമരാമത്ത് മാനുവലിന്റെ സെക്ഷൻ 1601.1.4 അനുസരിച്ച്, പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപ് യഥാവിധി അനുമതി വാങ്ങിയ എസ്റ്റിമേറ്റിൽ പ്രകടമായ വ്യതിയാനം ആവശ്യമായി വരുന്ന പക്ഷം അത് റീ-കാസ്റ്റ് ചെയ്ത് അംഗീകാരം വാങ്ങേണ്ടതാണ്. ടെൻഡറിലെ പ്രധാന ഇനങ്ങൾ പൂർണ്ണമായി ഒഴിവായതിനാൽ റീ-ടെൻഡറാണ് ഉചിതമായിരുന്നത്. ടെൻഡർ നടപടി ക്രമങ്ങൾക്ക് ശേഷം നിർവഹണത്തിന് നാല് മാസങ്ങളോളം ശേഷിച്ചുവെങ്കിലും റീ-ടെൻഡറിന്റെ സാധ്യത പരിഗണിക്കാതെ പ്രവൃത്തിയുടെ സ്വഭാവം പൂർണ്ണമായി മാറുന്ന തരത്തിൽ എസ്റ്റിമേറ്റ് പരിഷ്കരിച്ച് അതേ കരാറുകാരന് നിർവഹണാനുമതി നൽകിയ നടപടി ടെൻഡർ നടപടി ക്രമങ്ങളുടെ സത്ത പൂർണമായി ഇല്ലാതാക്കുന്നതായി. റോഡ് ടാറിംഗ് പോലെ താരതമ്യേന കുറഞ്ഞ ലാഭമുള്ള ഇനങ്ങൾ ഒഴിവാക്കിയത് വഴി കരാറുകാരന് മെച്ചപ്പെട്ട പ്രതിഫല തുക ലഭിക്കാനുള്ള അവസരമൊരുങ്ങി. സമാന പ്രോജക്ടുകൾക്ക് എസ്റ്റിമേറ്റിൽ നിന്ന് വളരെ കുറഞ്ഞ നിരക്കിൽ ടെൻഡർ അംഗീകരിച്ച സാഹചര്യവും ഇതോട് ചേർന്ന് കാണേണ്ടതാണ്. കരാറുകാരന് ലാഭകരമായ രീതിയിൽ

എസ്റ്റിമേറ്റ് പരിഷ്കരിക്കുകയും റീ-ടെൻഡർ സാധ്യത പരിഗണിക്കാതിരിക്കുകയും ചെയ്തത് ഗ്രാമപഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താത്പര്യങ്ങൾക്ക് വിരുദ്ധമായ നടപടി ആയതിനാൽ പ്രോജക്ടിന്റെ ചെലവ് തുക (₹4,96,741/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-21 ആർജ്ജിച്ച ആസ്തികൾ നിഷ്ക്രിയം

ഗ്രാമ പഞ്ചായത്ത് മുൻവാർഷിക പദ്ധതികളിൽ ആരംഭം കുറിച്ച വിവിധ കെട്ടിട നിർമ്മാണ പ്രോജക്ടുകൾ തൻവർഷം പൂർത്തീകരിച്ചുവെങ്കിലും അവ വിഭാവനം ചെയ്ത് ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ ഉതകും വിധം രണ്ട് വർഷങ്ങൾക്കിപ്പുറവും പ്രയോജനപ്പെടുത്തിയിട്ടില്ലായെന്ന് പ്രാദേശിക പരിശോധന വേളയിൽ വ്യക്തമായിട്ടുണ്ട്. പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. വൃദ്ധസദനം

